ഒരുകാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. 1985 നവംബറിൽ ഇതു പോലുണ്ടായ പ്രകൃതി ക്ഷോഭത്തിന് അനുവദിച്ചിട്ടുള്ള 27 ലക്ഷം രൂപ ഇതുവരെ കൊടുത്തിട്ടില്ല. അതുകൊണ്ട് ആ സംഖ്യകൂടി കൊടുത്തുകൊണ്ട് ഇപ്പോഴത്തെ കെടുതികൾക്കും ഒട്ടും സമയം വൈകാതെ റിവോൾവിങ്ങ് ഫണ്ടിലോ ഗവൺമെന്റിൽനിന്ന് കൂടുതൽ സംഖ്യ അനുവദിച്ചുകൊണ്ടോ പാവപ്പെട്ട കൃഷിക്കാരെ സംരക്ഷിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഇതിനുമുമ്പ് പറഞ്ഞിരുന്നു വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്ന്. അങ്ങനെ ഏർപ്പെടുത്തിയിരുന്നുവെങ്കിൽ ഈ പാവപ്പെട്ട കർഷകരെ ഇതിൽനിന്നു രക്ഷിക്കാമായിരുന്നു. അതും ഗവൺമെന്റ് ഇതുവരെ ചെയ്തിട്ടില്ല. അതിനുള്ള ഏർപ്പാടുകൾ ചെയ്യാൻ അടിയന്തിരമായി നടപടികൾ എടുത്താൽ നന്നായിരിക്കും.

വെറ്റിലക്കൊടി, ഗ്രാമ്പു, ജാതി മുതലായ കൃഷികൾ നശിച്ചാൽ അതിന് കൃഷിഡിപ്പാർട്ടുമെന്റിൽ നിന്ന് നഷ്ടം കൊടുക്കാനുള്ള ഏർപ്പാടുകളില്ല എന്നാൽ മറ്റു കൃഷികൾ നശിച്ചാൽ നഷ്ടം തിട്ടപ്പെടുത്തി കൊടുക്കാനുള്ള ഏർപ്പാടുകളുണ്ട്. അതുകൊണ്ട് വളരെ അടിയന്തിരമായി ആ പ്രദേശങ്ങളിലെ പ്രധാനപ്പെട്ട കൃഷികൾ നശിച്ചതിന് നഷ്ടം കൊടുക്കാനുള്ള ഏർപ്പാടുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, ഈ മാസം 13-ാം തീയതി പേരുമ്പാവൂരിലുണ്ടായ ചുഴലിക്കാറ്റിന്റെയും പേമാരിയുടേയും ഫലമായി വളരെയധികം കൃഷിനാശങ്ങൾ അവിടെ ഉണ്ടായി. ഇതറിഞ്ഞയുടനെതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അവിടെ പാഞ്ഞെത്തി ഏകദേശം അറുനൂറോളം കൃഷിക്കാർക്ക് ഇതിൽ നഷ്ടം വന്നിട്ടുണ്ട്. ഏകദേശം നാൽപ്പതുലക്ഷം രൂപയുടെ നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ട്. അതിനുവേണ്ട സഹായം ചെയ്യാമായിട്ട് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, കേരളത്തിലെ പതിനൊന്ന് കക്ക സഹകരണസംഘങ്ങൾ പിരിക്കാതിരുന്ന കാലയളവിലെ റോയൽറ്റി ഈടാക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് കക്ക സഹകരണസംഘങ്ങൾക്ക് 'മൈനിങ് റിലീഫ്', കൊടുക്കാതിരുന്നതിൽനിന്ന് ഉണ്ടായിരിക്കുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് ഈ സഭയിൽ അവതരിപ്പിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. എന്നാൽ രാജ്യരക്ഷാ ചട്ടങ്ങളും മുഴുവനും ലംഘിച്ച് ചാരപ്പണിക്കും കള്ളക്കടത്തിനുമായി കേരളത്തിൽ വന്ന ഒരു ഗൂഢസംഘത്തിന് സംരക്ഷണം കൊടുത്ത ഒരു മന്ത്രിയാണിതിന് സമാധാനം പറയേണ്ടതെന്നുള്ളതുകൊണ്ട് ഞാൻ ആ ഗൗരവപ്രശ്നം സഭയിൽ ഉന്നയിക്കുന്നില്ല.

(4) വയനാട്ടിലെ ചെറുകിട കാപ്പി കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മറ്റു നാണ്യവിളകളിൽ നിന്ന് തികച്ചും
10 A. M. വ്യത്യസ്തമായ ഒന്നാണ് കാപ്പികൃഷി. കാലാവസ്ഥയെ മാത്രം ആശ്രയിച്ച് വിളവെടുക്കുകയും കർഷകർ വിശ്വസിച്ച് അവരുടെ ഉല്പന്നങ്ങൾ കാപ്പി ബോർഡിനെ ഏല്പിക്കുകയും സെൻട്രൽ എക്സൈസിന്റെ നിയമത്തിന് വിധേയമായി പ്രവർത്തിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് കാപ്പിക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളമുള്ളത്, ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും കാപ്പിക്കൃഷിയുണ്ടെങ്കിലും കേരളത്തിൽ വയനാട്ടിനെ സംബന്ധിച്ചിടത്തോളം തികച്ചും ചെറുകിട കൃഷിക്കാരാണുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

ഒന്നും രണ്ടും അഞ്ചും ഏക്കർ കൃഷിസ്ഥലമുള്ള കൃഷിക്കാരാണ് ഏറ്റവും കൂടുതലുള്ളത്. ഇന്ന് വയനാട്ടിനെ സംബന്ധിച്ചിടത്തോളം, മറ്റൊരു വരുമാനവുമില്ലാത്ത കൃഷിക്കാരെസംബന്ധിച്ചിടത്തോളം, ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള എല്ലാ കാര്യങ്ങൾക്കും ആശ്രയിക്കേണ്ടത് കാപ്പികൃഷിയിൽ നിന്നുള്ള ആദായത്തെയാണ്. ഇതിൽ നിന്നുള്ള ആദായം ആദ്യം ചിലപ്പോൾ രണ്ടുവർഷത്തിലൊരിക്കലായിരിക്കും കിട്ടുക. ഒരുപ്രാവശ്യം കാലാവസ്ഥമോശമായിക്കഴിഞ്ഞാൽ ആ വർഷം ക്രോപ്പ് കിട്ടുകയില്ല. അടുത്ത വർഷമായിരിക്കും കിട്ടുന്നത്. 1985-ൽ സാമാന്യം നല്ലവിളകിട്ടിയെങ്കിലും ഈ വർഷം വിളവ് തീരെയില്ല. അവരുടെ സ്വന്തം ആവശ്യത്തിനുപോലും വിളവുകിട്ടാത്ത ഒരവസ്ഥയാണ് കാപ്പിക്കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ വർഷം കിട്ടിയ ഉൽപ്പന്നത്തെ സംബന്ധിച്ചിടത്തോളം ന്യായമായവില കിട്ടണമെന്നത് കൃഷിക്കാരന്റെ മാത്രമാവശ്യമായിരിക്കെ കാപ്പി ബോർഡിന്റെ ചെയർമാൻ ചില വിദേശ കമ്പനികളുമായി നടത്തിയ ധാരണകളുടെ അടിസ്ഥാനത്തിൽ മൂന്നുപ്രാവശ്യം തുടരെത്തുടരെയുണ്ടായ ലേലത്തിൽ ഡിസംബർ 14-ാം തീയതിയും ഡിസംബർ 18-ാം തീയതിയും ജനുവരി 2-ാം തീയതിയും—വ്യത്യസ്തമായ വിലയാണ് കാപ്പി ബോർഡിനും കാപ്പിക്കൃഷിക്കാർക്കും കിട്ടാൻ സാഹചര്യമുണ്ടായത്. ഡിസംബർ 14-ാം തീയതി ലേലം ചെയ്തപ്പോൾ 50 കിലോ കാപ്പിക്ക് 1,535 ഉറുപ്പികയാണ് കിട്ടിയത്. അതേസമയം ഡിസംബർ 18-ാം തീയതി നടന്ന ലേലത്തിൽ 1,850 രൂപയും ജനുവരി 2-ാം തീയതി നടന്ന ലേലത്തിൽ 2,195 ഉറുപ്പികയുമാണ് കിട്ടിയത്. ഇതുമൂലം വിറ്റ ടോട്ടൽ കാപ്പിയെ സംബന്ധിച്ചിടത്തോളം ഒന്നര കോടി രൂപയോളം കാപ്പിക്കൃഷിക്കാർക്ക് നഷ്ടമുണ്ടായിരിക്കുന്നു. അവരുടെ സർവ്വസ്വവും കാപ്പിക്കൃഷിയിലർപ്പിച്ച് അതിനെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന വയനാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വലിയ ഭയാശങ്കകൾക്കിടയുണ്ട്. കാരണം മറ്റെല്ലാ ഉല്പന്നങ്ങളും വിപണിയിൽ കൊണ്ടുപോയി വില്ക്കാനുള്ള സ്വാതന്ത്ര്യം കൃഷിക്കാരനുണ്ട്. പക്ഷെ ബോർഡുണ്ടെങ്കിൽത്തന്നെയും റബ്ബറായാലും ഏലമായാലും എല്ലാത്തിനും സ്വാതന്ത്ര്യമായി വില്ക്കാനുള്ള സ്വതന്ത്ര്യമുണ്ട്. കാപ്പിക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഉല്പന്നം വില്ക്കാനുള്ള സ്വാതന്ത്ര്യം ഇല്ല. ഉത്തരവാദിത്വം എല്പിച്ച് ചെയർമാന്റെ ഭാഗത്ത് നിരുത്തരവാദപരമായ നിലപാടാണ് ഉണ്ടായിട്ടുള്ളത്. മാത്രമല്ല ഇതിനെ സംബന്ധിച്ച് അന്വേഷിക്കുവാൻ വൈസ് ചെയർമാന്റെ നേതൃത്വത്തിൽ ഒരു സംഘം രൂപീകരിച്ചുവെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഗുരുതരമായ സ്ഥിതിവിശേഷം വയനാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കുകയാണ് അവർ ഇന്ന് ആശങ്കാകുലരായിട്ടുണ്ട്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റ് സെൻട്രൽ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും കൃഷിക്കാരുടെ ഭയാശങ്കകൾ തീർക്കുകയും കാപ്പിക്കുരുവിനു കൂടുതൽ വില ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാപ്പിക്കൃഷിയെ സംബന്ധിച്ചിടത്തോളവും കാപ്പിയുടെ വിലയെ സംബന്ധിച്ചിടത്തോളവും ഓരോ പ്രദേശത്തിന്റേയും അടിസ്ഥാനത്തിലല്ല, നേരെമറിച്ച് കാപ്പി ബോർഡ് എല്ലാ പ്രദേശങ്ങളിലും ഉല്പാദിപ്പിക്കുന്ന കാപ്പി പൂൾ ചെയ്ത് ലേലത്തിൽ വില്ക്കുകയാണ് ചെയ്യുന്നത്. ലേലത്തിൽ വില്ക്കുമ്പോൾ റിസർവ് വില എന്നൊരു വിലയുണ്ട്. അത് നിശ്ചിത വിലയ്ക്ക് കീഴ്പോട്ടു പോവുകയാണെങ്കിൽ ലേലം ഉപേക്ഷിക്കുകയാണ് പതിവ്. കഴിഞ്ഞ കുറെ കാലത്തെ കണക്ക് പരിശോധിച്ചു നോക്കിയാൽ അങ്ങനെ നിശ്ചയിച്ച വിലയെക്കാൾ മെച്ചപ്പെട്ട വില ലേലത്തിൽ കിട്ടിയിട്ടുണ്ടെന്നു കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കും. അതുകൊണ്ട് വയനാടിനെ സംബന്ധിച്ചിടത്തോളം പ്രത്യേകമായി എന്തെങ്കിലും നടപടി സ്വീകരിക്കുക എന്നത് കാപ്പി ബോർഡ് സ്വീകരിച്ചുവരുന്ന സമീപനത്തിന് സഹായകമായിരിക്കുകയില്ല. കാപ്പിക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ പൂറം ചെയ്ത് ലേലത്തിൽ വില്ക്കുമ്പോൾ—ഒരു പ്രദേശത്തിന്റെയല്ലായെന്ന് ഞാൻ പറയുകയുണ്ടായി—അതിനെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. പ്ലാന്റേഷൻ, അറബിക്കാച്ചെറി, പിന്നെ റോബസ്റ്റാ. ഇങ്ങനെ മൂന്നായി തരംതിരിച്ച് ലേലം ചെയ്തു കഴിഞ്ഞാൽ അതിൽ കിട്ടുന്ന വില കാപ്പിക്കൃഷിക്കാർക്ക് പൊതുവായിട്ട് നിശ്ചയിക്കുന്ന വിലയാണ്. ഈ അടുത്ത കാലത്തെ കണക്കു നോക്കിയാൽ സാധാരണ നിശ്ചയിച്ചിട്ടുള്ള വില 1986 ജനുവരി മാസത്തിൽ ആണെങ്കിൽ കിട്ടിയിട്ടുള്ളത് 714 രൂപ മുതൽ 803 രൂപ വരെയാണ്. എങ്കിലും ലേലം ചെയ്തപ്പോൾ 738 മുതൽ 1823 രൂപ വരെ കിട്ടിയിരുന്നു. ഇതുതന്നെയാണ് 1986 ജനുവരിയിലെ സ്ഥിതിയും. അതുകൊണ്ട് വില കീഴ്പ്പോട്ടുപോകുന്നില്ല. ഇതൊക്കെയാണെങ്കിലും ശരി വയനാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കാപ്പി ബോർഡിന്റെ പ്രവർത്തനത്തിൽ ചില സൗകര്യക്കുറവുകൾ കൊണ്ട് അവർക്ക് പ്രത്യേക ബുദ്ധിമുട്ടുകളുള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാനാവശ്യമായ നടപടി സ്വീകരിക്കണമെന്നു സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനെ അറിയിക്കുകയും അതിനാവശ്യമായ സമ്മർദ്ദം ചെലുത്തുകയും ചെയ്യാം.

(5) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ വേലൻറെപടി കോളനി നിവാസികളുടെ പ്രശ്നങ്ങൾ

ശ്രീ വി. കെ. രാജൻ : സർ, കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ എറിയാട് പഞ്ചായത്തിൽ പി. ഡബ്ല്യു. ഡി. പുറമ്പോക്കിൽപ്പെട്ട സ്ഥലത്ത് താമസിച്ചിരുന്ന 53 കുടുംബങ്ങളെ പി. ഡബ്ല്യു. ഡി. റോഡ് വീതി കൂട്ടാനായി എറിയാട് പഞ്ചായത്തിലെതന്നെ 12-ാം വാർഡിലെ വേലൻറെപടി എന്ന സ്ഥലത്തേക്ക് നാലു വർഷത്തിനുമുമ്പ് മാറിത്താമസിപ്പിച്ചിരുന്നു. ഓരോ കുടുംബത്തിനും പ്രത്യേകം വീടും ഭൂമിയും നല്കാമെന്നുള്ള വാഗ്ദാനത്തിലാണ് ഇവരെ മാറിത്താമസിപ്പിച്ചത്. വേലൻറെപടി കോളനിയിലെ ദുർഗന്ധം വമിക്കുന്ന അഴുക്കുജലം കെട്ടിക്കിടക്കുന്ന 92 സെൻറ് സ്ഥലത്താണ് ഈ 53 കുടുംബങ്ങളും താമസിച്ചു വരുന്നത്. ഈ കുടുംബങ്ങളും തികച്ചും അനാരോഗ്യകരമായ സാഹചര്യത്തിലാണ് ജീവിക്കുന്നത്. കുടിക്കാൻ ശുദ്ധജലമില്ലാതെ പ്രാഥമികസൗകര്യങ്ങളും പോലുമില്ലാതെ നരകതുല്യമായ ഒരു ജീവിതമാണ് ഈ കുടുംബങ്ങൾ അനുഭവിക്കുന്നത്. ഇവർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാൻ ബാദ്ധ്യസ്ഥമായ പഞ്ചായത്ത് സമിതിപോലും ഇപ്പോൾ നിലവിലില്ല. ഈ കുടുംബങ്ങൾക്ക് മതിയായ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കാനും അനാരോഗ്യകരമായ ചുറ്റുപാടിൽ നിന്ന് ഇവരെ രക്ഷിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോടാവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതൊരു കോളനിയാണെന്നുള്ള നിലയിലാണ് ഈ സബ്മിഷൻ കൊണ്ടുവന്നിട്ടുള്ളത്. എന്തായാലും ശരി ഇതൊരു കോളനിയല്ല; നേരെ മറിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പഞ്ചായത്ത് 53 കുടുംബങ്ങൾക്കുവേണ്ടിയാണ് ഭൂമി എടുത്ത് വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നത്. നാലു സെൻറു ഭൂമി വീതം കൊടുക്കാൻ നിശ്ചയിച്ചിരുന്നുവെന്നത് ശരിയാണ്. ഒരു കുടുംബത്തിന് കൊടുക്കുവാൻ നിശ്ചയിച്ച സ്ഥലത്ത് രണ്ടു കുടുംബങ്ങൾ വീതം

LIBRARY ARCHIVES Kerala Legislative Assembly